# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 534 — 28.09.2016-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽകുമാർ :**<br>**,, വി.പി.സജീന്ദ്രൻ :**<br>**,, ഐ.സി. ബാലകൃഷ്ണൻ :**<br>**,, അനിൽ അക്കര :** | | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ പദ്ധതിയുടെ വിശദാംശ ങ്ങൾ എന്തെല്ലാമെന്ന് വിശദമാ ക്കുമോ ; | ബി) | സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ ക്കാർക്ക് 10 ലക്ഷം രൂപാ ചിലവഴിച്ച് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഭൂമി വാങ്ങി നൽകുന്നതു സംബന്ധിച്ച മാനദണ്ഡങ്ങളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഇതിനു പുറമെ വനാവകാശ നിയമപ്രകാരം ഭൂമി നൽകാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| സി) | പദ്ധതി നടത്തിപ്പിന് എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട് ; | സി) | പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതു ൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തന ങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| ഡി) | ഇത് നടപ്പിലാക്കാൻ ഭരണ തല ത്തിൽ എന്തെല്ലാം നടപടികൾ എടു ത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ ? | ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ പ്ലാനിംഗ് ഓഫീസർ ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ബന്ധപ്പെട്ട തഹസിൽദാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ അടങ്ങിയ കമ്മിറ്റി രൂപീകരി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി കണ്ടെത്തി യാതൊരുവിധ ബാദ്ധ്യതയുമില്ലെന്നുറപ്പ് വരുത്തി സ്ഥലത്തിന്റെ വില 10 ലക്ഷം രൂപയിൽ കവിയാതെ വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

യോഗ്യത

1. അപേക്ഷകൻ ഭൂരഹിത പട്ടികവർഗ്ഗക്കാരൻ ആയിരിക്കണം.
2. ഭൂമിയില്ലാത്ത കുടുംബം ആണെന്ന് ഗ്രാമസഭ/ഊരുകൂട്ടം പട്ടികവർഗ്ഗ [illegible] ...ദ്യോഗികാധികാരികൾ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ വ്യക്തി ആയിരിക്കണം.

**തിരഞ്ഞെടുക്കുന്ന രീതി**

1. അപേക്ഷകൻ 25 സെന്റിൽ കുറയാത്ത ഭൂമി കണ്ടെത്തിയ ശേഷം ഈ വിവരം ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറെ അറിയിക്കേണ്ടതാണ്. ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ അപേക്ഷകന്റെയും വസ്തു ഉടമയുടെയും സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി ഈ ഭൂമി വാസയോഗ്യമാണെന്നും കടബാദ്ധ്യതകൾ ഇല്ലാത്തതുമാണെന്നും ഉറപ്പുവരുത്തേണ്ടതുമാണ്. ഭൂമി വാസയോഗ്യമാണെന്നും കൃഷിയോഗ്യമാണെന്നും ബോദ്ധ്യപ്പെട്ടാൽ ഉടനെതന്നെ സ്ഥല ഉടമയിൽനിന്നും ഒരു സമ്മതപത്രം ശേഖരിക്കേണ്ടതാണ്. ഗുണഭോക്താവിന്റെ ആധാർ നമ്പർ കൂടി ശേഖരിച്ച് ഭൂരഹിതനാണെന്ന് ഉറപ്പുവരുത്തി ഇരട്ടിപ്പില്ലാതെ സുതാര്യമായി പദ്ധതി നിർവ്വഹണം ഉറപ്പ് വരുത്തേണ്ടതാണ്.

2. വാസയോഗ്യമല്ലെങ്കിൽ ആയത് ഗുണഭോക്താവിനെ ബോദ്ധ്യപ്പെടുത്തി മറ്റൊരു ഭൂമി കണ്ടെത്താൻ അപേക്ഷകന് നിർദ്ദേശം നൽകേണ്ടതാണ്.

3. കൃഷിയോഗ്യവും, വാസയോഗ്യവുമാണെങ്കിൽ വസ്തു ഉടമ ആവശ്യപ്പെടുന്ന വില ഫെയർ വാല്യുവിനേക്കാൾ കൂടുതലാണെങ്കിൽ ആ പ്രദേശത്തെ ശരാശരി മാർക്കറ്റ് വിലയേക്കാൾ അധികമല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ വസ്തുവിന്റെ ആധാരം പരിശോധിച്ച് പരിസ്ഥിതി ദുർബ്ബല പ്രദേശമല്ലെന്നും ക്രയവിക്രയം ചെയ്യാൻ അവകാശമുള്ള ഉടമസ്ഥാവകാശ രേഖയുള്ളതാണെന്നും സ്ഥലത്തിന്റെ ഉടമസ്ഥതാവകാശം യാതൊരുതരത്തിലും പണയപ്പെടുത്തിയിട്ടില്ലായെന്നും ഉറപ്പാക്കേണ്ടതാണ്.

4. സ്ഥലം 25 സെന്റിൽ കൂടുതലുണ്ടെന്നും. ഒരേക്കറിൽ കവിയില്ലെന്നും ആകെ വില 10 ലക്ഷത്തിൽ അധികരിക്കില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

Dep. എക്സ്റ്റൻഷൻ ഓഫീസർ

5. ഭൂവുടമയിൽനിന്ന് വസ്തുവിന്റെ ആധാരം, അടിയാധാരം, ഭൂമിയുടെ കൈവശ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ അക്കൗണ്ട്, 30 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ ശേഖരിച്ച് ഗവൺമെന്റ് പ്ലീഡറിൽ നിന്നും Legal Scrutiny Report ശേഖരിക്കേണ്ടതും, ആയതു പ്രകാരം വാങ്ങാവുന്ന ഭൂമിയാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

6. ഇതിനുശേഷം രജിസ്ട്രേഷൻ ഫീസ് ഇളവ് ചെയ്യാനുള്ള കത്ത് ബന്ധപ്പെട്ട സബ് രജിസ്ട്രാർക്ക് ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ നൽകേണ്ടതാണ്.

7. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പ്ലാനിംഗ് ഓഫീസർ, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ബന്ധപ്പെട്ട തഹസിൽദാർ, ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ അടങ്ങിയ കമ്മിറ്റിയുടെ മേൽ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം മാത്രമെ ഭൂമി രജിസ്ട്രേഷൻ നടത്തുവാൻ പാടുള്ളൂ.

8. ക്രയവിക്രയം മൂലം ഉണ്ടാകുന്ന വരുമാനത്തിന്മേൽ നിയമാനുസൃതമായ ഇൻകംടാക്സ് ഈടാക്കേണ്ടതാണ്/കുറവ് ചെയ്തു മാത്രമെ ഭൂവില അനുവദിക്കാൻ പാടുള്ളൂ.

**ഭൂമിയുടെ രജിസ്ട്രേഷനും വില അനുവദിക്കുന്നതും സംബന്ധിച്ച്**

1. സ്ഥലം രജിസ്റ്റർ ചെയ്ത ശേഷം അസ്സൽ പ്രമാണവുമായി പോക്കുവരവിനുള്ള അപേക്ഷ വില്ലേജാഫീസിൽ കൊടുത്തതിന്റെ രേഖയുമായി അപേക്ഷകനും സ്ഥലം ഉടമയും ഗുണഭോക്താവും ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്/ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ വന്നു കഴിഞ്ഞാൽ ഇവ പരിശോധിച്ച് സ്ഥലം ഉടമസ്ഥ് സ്ഥലത്തിന്റെ വില ഡിമാന്റ് ഡ്രാഫ്റ്റായി നൽകാവുന്നതാണ്.

2. അസ്സൽ പ്രമാണം ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ തന്റെ കൈവശം സൂക്ഷിക്കേണ്ടതും പകർപ്പ് അപേക്ഷകന് നൽകേണ്ടതുമാണ്. ഇതു സംബന്ധിച്ച രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിരിക്കേണ്ടതാണ്.

3. തുടർന്ന് ഇതേ സ്ഥലത്ത് വീട് നിർമ്മിക്കാനുള്ള ധനസഹായം നൽകേണ്ടതും സമയബന്ധിതമായി പണി പൂർത്തീകരിച്ച് അപേക്ഷകൻ സ്ഥലത്ത് താമസമാക്കി 3 വർഷം പൂർത്തിയായി എന്ന് ഉറപ്പ് വരുത്തിയശേഷം പ്രമാണത്തിന്റെ ഒറിജിനൽ ശരിയായ രസീതി പ്രകാരം അപേക്ഷകന് നൽകാവുന്നതാണ്. നിർദ്ദിഷ്ട ഭൂമി യാതൊരു കാരണവശാലും ക്രയവിക്രയം നടത്താനോ മറ്റ് വിധത്തിൽ അന്യാധീനപ്പെടുത്തുവാനോ ഗുണഭോക്താവിന് അവകാശം ഇല്ലാത്തതും വിവാഹിതരായ വ്യക്തികളുടെ സംഗതിയിൽ ദമ്പതിമാർ രണ്ടു പേരുടെയും പേരിൽ കൂട്ടായി രജിസ്റ്റർ ചെയ്യേണ്ടതും, ഒരാളിനാൽ നയിക്കപ്പെടുന്ന ഗൃഹത്തിന്റെ സംഗതിയിൽ ആ ഗൃഹനാഥന്റെ/ഗൃഹനാഥയുടെ പേരിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. നേരിട്ടുള്ള ഒരു അനന്തരാവകാശിയുടെ അഭാവത്തിൽ അവകാശം ഏറ്റവും അടുത്ത കുല ബന്ധുവിനു വന്നു ചേരുന്നതുമാണ്.